# കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

**Kerala Regional Latin Catholic Secretariat**

P.B. No. 620, U.C. College P.O., Aluva - 683102

Tel : 0484-2603705, +91-903700222

kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.07 Date: 28/12/2025

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

## Y-MAP - ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം

കെ.ആർ.എൽ.സി.ബി.സി. യൂത്ത് കമ്മീഷൻ, CCBI Communio യുടെ സഹകരണത്തോടെ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകളിലെയും യുവജനനേതാക്കൾക്ക് വേണ്ടിയുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുകയാണ്. **‘Y- MAP’** എന്ന് പേരിട്ടിരിക്കുന്ന ഈ പ്രോഗ്രാമിന്റെ ആദ്യ സെഷൻ **2026 ജനുവരി 17, 18 (ശനി, ഞായർ)** തീയതികളിൽ കോഴിക്കോട് രൂപതയുടെ ആതിഥേയത്വത്തിൽ **നവജ്യോതിസ്സ് റിന്യൂവൽ** സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ആദ്യ ഘട്ടത്തിൽ വരാപ്പുഴ, കൊച്ചി, കോട്ടപ്പുറം, സുൽത്താൻപേട്ട്, കോഴിക്കോട്, കണ്ണൂർ എന്നീ രൂപതകളിൽ നിന്നുള്ള യുവജനനേതാക്കൾക്കാണ് പരിശീലനം നൽകുന്നത്. സഭാപരിശീലനം നേടിയ യുവജന നേതാക്കളുടെ അഭാവം രൂപത-സംസ്ഥാനതലങ്ങളിൽ ശക്തമായി അനുഭവിക്കുന്ന സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങൾക്ക് മികച്ച പരിശീലനം നൽകി, അവരെ സാമുദായിക-സാമൂഹിക നേതൃത്വത്തിലേക്ക് രൂപപ്പെടുത്തുക എന്നതാണ് ഈ ട്രെയിനിംഗ് പ്രോഗ്രാമിന്റെ ആത്യന്തികമായ ലക്ഷ്യം. ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലന പരിപാടി നാല് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്. വിവിധ ഫോളോഅപ് പ്രോഗ്രാമുകളും ആക്ടിവിറ്റികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രൂപതയിലെ കെ.സി.വൈ.എം. സമിതിയിലെ എല്ലാ ഭാരവാഹികളെയും അടുത്ത ഭാരവാഹിത്വത്തിലേക്ക് കടന്നു വരേണ്ട എല്ലാ യുവജങ്ങളെയും ഉൾപ്പെടുത്തി രൂപതയിൽ നിന്നും 10 പേരെ നിർബന്ധമായും ഈ പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന് ഓർമിപ്പിക്കുന്നു. പ്രോഗ്രാമിനായുള്ള രജിസ്ട്രേഷൻ ഫീസ് ഒരാൾക്കു 250/- രൂപ ആയിരിക്കും. പ്രോഗ്രാമിനായുള്ള രജിസ്ട്രേഷൻ ലിങ്ക് ചുവടെ ചേർക്കുന്നു. ജനുവരി 10നകം രൂപതയിൽ നിന്നുള്ള രജിസ്ട്രേഷൻ പൂർത്തിയാകണമെന്നു ഓർമിപ്പിക്കുന്നു.

രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്ക് : https://forms.gle/abjEJ1fbA6Tvt8a68

# നന്ദിയോടെ...

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ **അനുഗ്രഹ വഴിയേ** എന്ന പ്രോഗ്രാമിനെ സ്വീകരിക്കുകയും, വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു തന്ന പുനലൂർ (ഡിസംബർ 21), വിജയപുരം (ഡിസംബർ 28) രൂപതകൾക്കു കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി